


# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# മധുരം മലയാളം

# ആമുഖം

കണ്ണൂർ ജില്ലയിൽ ആന്തൂർ മുൻസിപ്പാലിറ്റിയിൽ 12 ാം വാർഡ് കോടല്ലൂരാണ് ഞങ്ങളുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതിനോടോപ്പം കുട്ടികളുടെ സർവ്വതോൻമുഖമായ വികസനമാണ് ഇന്ന് പൊതുവിദ്യാഭ്യാസം ലക്ഷ്യമിടുന്നത്.അതിന് അക്കാദമികവും ഭൗതീകവുമായ പുരോഗതി അത്യന്താപേക്ഷിതമാണ്.നമ്മുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അതിന് പൊതുവിദ്യാലയങ്ങളെ പ്രാദേശിക സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്ക്കാരികവുമായ ആവശ്യങ്ങൾ നേടാൻ പ്രാപ്തമായ നിലയിൽ സജ്ജമാക്കുന്നതിന് വികസന പ്ലാനുകൾ ആവശ്യമാണ്.ആ പ്ലാനുകളുടെ മുഖ്യഉദ്ദേശ്യം ആ നിലവാരത്തിലുള്ള പഠനബോധന അനുഭവങ്ങളും വ്യക്തിപരമായ പരിഗണനയും ശ്രദ്ധയുമാണ്.ഇവ നിർണ്ണയിക്കുന്നത് വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങളാണ്.

കുട്ടികളുടെ സർവ്വതോൻമുഖമായ പുരോഗതിക്ക് മാതൃഭാഷ അനായാസമായി കൈകാര്യം ചെയ്യാൻ കഴിയണം എന്ന തിരിച്ചറിവാണ് ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കൽ . **“മധുരം മലയാളം”** എന്ന അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ നമ്മൾ ലക്ഷ്യമിടുന്നത്.

സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്.സ്വാഭാവിക സാഹചര്യങ്ങളിൽ നിന്ന് ആർജ്ജിക്കുന്ന ഭാഷാ ശേഷികളെ നിശ്ചിത തലങ്ങളിൽ ചിട്ടപ്പെടുത്തുന്നത് വിദ്യാലയങ്ങളിൽ നടക്കുന്ന ഔപചാരിക പഠനത്തിലൂടെയാണ്.

സ്വതന്ത്രമായ ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുന്ന ഭാഷാപഠനാന്തരീക്ഷമാണ് പ്രൈമറി ക്ലാസ്സുകളിൽ ഉണ്ടാകേണ്ടത്.വർത്തമാന പത്രങ്ങൾ മുതൽ വൈവിധ്യമാർന്ന സാഹിത്യ കൃതികൾവരെയുള്ളവകൊണ്ട് സമ്പന്നമായ അന്തരീക്ഷം സ്കൂളിൽ ഒരുക്കണം ലളിതമായ വ്യവഹാര രൂപങ്ങളിലൂടെ കഥകൾ കവിതകൾ തുടങ്ങിയ സാഹിത്യരൂപങ്ങൾ പരിചയപ്പെടുകയും അതിലൂടെ സർഗ്ഗാത്മക രചനകൾ നടത്തുകയും ചെയ്യണം.അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, പ്രയോഗങ്ങൾ തുടങ്ങിയവ ആവശ്യാനുസരണം കൃത്യതയോടെയും സൂക്ഷ്മതയോടെയും ഉപയോഗിക്കുന്നതിനുള്ള ശേഷികളും നൈപുണികളും ഈ ഘട്ടത്തിൽ വികസിപ്പിക്കണം.ഇതിനുവേണ്ട പ്രവർത്തനങ്ങളാണ് നമ്മുടെ വിദ്യാലയം ചെയ്ത് നടപ്പിലാക്കുന്നത്.

**ലക്ഷ്യങ്ങൾ**

1.ഭാഷാപരമായ പിന്നോക്കാവസ്ഥ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യുക.

2.മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

3. സചിത്രപുസ്തകം, സംയുക്ത ഡയറി ഇവ ഒന്ന്, രണ്ട് ക്ലാസുകളിൽ വായിക്കാനും, എഴുതാനും, പരസ്പരം. വിലയിരുത്താനും കുട്ടികളെ പ്രാപ്തരാക്കുക
4. എല്ലാ കുട്ടികളെയും മികച്ച വായനക്കാരും, എഴുത്തുകാരുമാക്കാൻ പ്രാപ്തരാക്കുക.
5. കുട്ടികളുടെ സർഗാത്മകത പരമാവധി പരിപോഷിപ്പിക്കുക.

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | ഭൗതികം | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യുക. | .പ്രീ ടെസ്റ്റ്<br>.ആശയാവതരണത്തിലൂടെ അക്ഷരം ഉറപ്പിക്കൽ<br>.അക്ഷരപ്പാട്ടുകൾ<br>.കേൾക്കാം അറിയാം<br>.കാർഡ് കളി<br>.അക്ഷരമാതൃക ഉണ്ടാക്കാം<br>.എഴുതാം അക്ഷരങ്ങൾ<br>.ചിഹ്നങ്ങൾ ഉറപ്പിക്കൽ | A4ഷീറ്റ്ചാർട്ട് കളർപേപ്പർ<br>ICT സാധ്യത<br>Sand Paper | JUNE | അധ്യാപകർ<br>CPTA | 1000 |
| 2 | മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | .കേൾക്കാം കാണാം കഥകളും പാട്ടുകളും<br>.കഥാചിത്രങ്ങൾ ക്രമപ്പെടുത്താം<br>.വായിക്കാം രസിക്കാം<br>.കഥയിൽ ആരൊക്കെ? എന്തൊക്കെ വരയ്ക്കാം എഴുതാം<br>.കുഞ്ഞുവായനയിലേക്ക്<br>.ഇഷ്ടവാക്കുകളും വാക്യങ്ങളും കണ്ടെത്തി എഴുതുന്നു<br>.ചിത്രത്തിന് അടിക്കുറിപ്പ് എഴുതൽ<br>.കഥാചിത്രത്തിൽ നിന്ന് കഥ പറയൽ, കഥ എഴുതൽ കഥപൂർത്തിയാക്കുന്നു<br>.ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക ക്ലാസുകൾ | ICT<br>ബാലമാസികകൾ, കഥാചിത്രങ്ങൾ<br>ഇ-വായന<br>ബാലമാസികകൾ<br>ചിത്രങ്ങൾ കഥാചിത്രങ്ങൾ | | BRC | |

| | | | | | | |
|---|---|---|---|---|---|---|
| 3 | സചിത്രപുസ്തകം, സംയുക്ത ഡയറി ഇവ ഒന്ന്, രണ്ട് ക്ലാസുകളിൽ വായിക്കാനും, എഴുതാനും, പരസ്പരം. വിലയിരുത്താനും കുട്ടികളെ പ്രാപ്തരാക്കുക | .നിർമ്മാണം ശിൽപശാല<br>.നോക്കാം- എഴുതാം<br>.ആശയ രൂപീകരണം<br>.വായിക്കാം എഴുതാം<br>.ലഘുവാക്യങ്ങൾ<br>.കൈമാറാം സചിത്രപുസ്തകം | കളർചിത്രങ്ങൾ,പ്രിന്റ്,A4 ഷീറ്റ് കളർ, ക്രയോൺസ് ,പശ, കത്രിക | JUNE MARCH | അധ്യാപകർ, രക്ഷിതാക്കൾ | 1000 |
| 4 | എല്ലാ കുട്ടികളെയും മികച്ച വായനക്കാരും എഴുത്തുകാരുമാക്കാൻ പ്രാപ്തരാക്കുക | .ചിത്രക്കാർഡ് നൽകി അതിൽ നിന്നും വാക്യങ്ങൾപറയിക്കൽ<br>.കഥാചിത്രങ്ങൾ നൽകി കഥക്രമപ്പെടുത്തി കഥപറയിപ്പിക്കുന്നു<br>.കഥാചിത്രങ്ങൾ നോക്കി കഥാപാത്രങ്ങളുടെ പേര് പറയിപ്പിക്കുന്നു എഴുതിപ്പിക്കുന്നു<br>.കഥാവാക്യങ്ങൾ നൽകി കഥ ക്രമപ്പെടുത്തുന്നു എഴുതുന്നു<br>.കുട്ടികളിൽ താൽപ്പര്യമുണർത്തുന്ന ചിത്രങ്ങൾ നൽകി ലഘുവിവരണം എഴുതുന്നു<br>.വിവിധ വ്യവഹാര രൂപങ്ങൾ (ഓരോക്ലാസ്സിനും അനുയോജ്യമായവ) എഴുതി തയ്യാറാക്കുന്നു | ചിത്രക്കാർഡ്<br>കഥാചിത്രങ്ങൾ<br>ചിത്രങ്ങൾ<br>A4ഷീറ്റ്<br>കഥാപുസ്തകം | June<br>July<br>August<br>September<br>October<br>November<br>December<br>January<br>February<br>March | അധ്യാപകർ, | 1000<br>2000 |
| 5 | കുട്ടികളുടെ സർഗാത്മകത പരമാവധി പരിപോഷിപ്പിക്കുക | .ലൈബ്രറി മെമ്പർഷിപ്പ്<br>.ക്ലാസ് തല വായനക്കൂട്ടം<br>.സ്കൂൾ വായനക്കൂട്ടം<br>.ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>.സ്വതന്ത്രരചനകളുടെ അവതരണം ബാലസഭയിൽ | പുസ്തകങ്ങൾ<br>ICT | February<br>March | അധ്യാപകർ,<br>PTA | 3000 |

| | | | | | | |
|---|---|---|---|---|---|---|
| | | . ഇ .വായന<br><br>. സാഹിത്യകാരന്മാരുമായി സംവാദം | | | | |
| 6 | പാട്ടരങ്ങ്<br>. താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റു സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br>.കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുകയും,ഒറ്റക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.<br>.ഈണം,താളം, ഭാവം.ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.<br>.ഭിന്നനിലവാരക്കാരെ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു. | .കാണാം പാടാം ഏറ്റുപാടാം (ICT)<br>.പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകളുടെ ആശയം ഉൾക്കൊണ്ട് അഭിനയിക്കുന്നു.<br>.അന്താക്ഷരി<br>.അഭിനയക്കളരി<br>.ബാലസഭ<br>.ശില്പശാല | കവിതാ പുസ്തകങ്ങൾ<br><br>മുഖം മൂടികൾ<br><br>A4 ഷീറ്റ് കളർ, ക്രയോൺസ് ,പശ, കത്രിക | July<br><br>March | അധ്യാപകർ<br><br>BRC | 2000 |
| 7 | കാവ്യോത്സവം<br>. താള വൈവിധ്യമുള്ള പാട്ടുകൾ ,കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടു | .പല തരത്തിലുള്ള പാട്ടുകൾ കേൾക്കാനുള്ള അവസരം (ICT) സഹായത്തോടെ<br>.ഈണത്തിലും താളത്തിലും ഒറ്റക്കും സംഘമായും ചൊല്ലി അവതരിപ്പിക്കൽ.<br>.ലഭ്യമായവാദ്യോപകരണങ്ങളുടെ സഹായത്തോടെ പാഠഭാഗവുമായി ബന്ധപ്പെട്ട . കവിതകൾ,പാട്ടുകൾ ഇവ | (ICT)<br><br>കവിതാ പുസ്തകങ്ങൾ<br><br>വാദ്യോപകരണങ്ങൾ | June to March | അധ്യാപകർ, രക്ഷിതാക്കൾ | 1000 |

| | | | | | | |
|---|---|---|---|---|---|---|
| | ത്തി ഒറ്റക്കും സംഘമായും ചൊല്ലി അവതരിപ്പിക്കുന്നു.<br>.കവിതയുടെ താളത്തോടു പൊരുത്തപ്പെടുന്ന വിധത്തിൽ കവിതയുടെ ആശയവുമായി ബന്ധപ്പെട്ട വാക്കുകളും വരികളും കൂട്ടിച്ചേർത്ത് എഴുതാനും പാടാനും കഴിവ് നേടുന്നു. | വാദ്യോപകരണങ്ങളുടെ സഹായത്തോടെ CPTA പഠനോത്സവം തുടങ്ങിയ പരിപാടികളിൽ അവതരിപ്പിക്കൽ | | | | |
| 8 | .റീഡേഴ്സ് ക്ലബ്<br>I, II ക്ലാസ്സുകളിൽ റീഡേഴ്സ്<br>തീയേറ്റർ III, IV ക്ലാസ്സുകളിൽ<br>.കഥാസന്ദർഭം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ, എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു.<br>.കേൾവിക്കാരെ ആശയം ബോധ്യപ്പെടുത്തും വിധം വായിച്ചവതരിപ്പിക്കുന്നു.<br>.കഥാഭാഗം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങളുടെസവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞു സ്ക്രിപ്റ്റ് തയ്യാറാക്കുന്നതി | .കഥകൾ വായിക്കാം<br>.കഥകൾ വായിച്ച് സ്ക്രിപ്റ്റ് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ<br>.സംഭാഷണങ്ങൾ നാടകീയമായി വായിച്ചവതരണം<br>.CPTA ,ഭാഷോത്സവം ഇവയിൽറീഡേഴ്സ് തീയേറ്റർ അവതരണം | കഥാപുസ്തകങ്ങൾ<br><br>A4 ഷീറ്റ് | JULY<br><br>MARCH | അധ്യാപകർ<br><br>CPTA | 1000 |

| | | | | | | |
|---|---|---|---|---|---|---|
| | ൽ കഴിവ് നേടുന്നു | | | | | |
| 9 | കാവ്യാവിഷ്ക്കാരം<br>.പാഠഭാഗത്തിലെ ആശയത്തെ ചിത്രീകരണം,അഭിനയം തുടങ്ങിയ വ്യത്യസ്ത രീതികളിൽ അവതരിപ്പിക്കുന്നു. | .പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകളുടെ ആശയം ഉൽക്കൊണ്ട് അഭിനയിക്കുന്നു.<br>.അഭിനയക്കളരി | മൈക്ക് മുഖംമൂടികൾ ICT | | അധ്യാപകർ | 1000 |
| 10 | രചനാപരിചയക്കുറിപ്പ്<br>.അനുയോജ്യമായ ഭാവം ,ഒഴുക്ക് ,അർത്ഥം പ്രകടമാക്കുന്ന ഊന്നലുകൾ എന്നിവയോടെ വായിച്ച് അവതരിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുക | .ഭാവാത്മക വായനക്ക് ഇണങ്ങുന്ന പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് എടുത്ത് വായിക്കൽ | ലൈബ്രറി ബുക്ക്സ്<br>June -March | | അധ്യാപകർ | 1000 |
| | .വായനയിൽകുട്ടികൾ പുലർത്തുന്ന മികവ് പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കാനുള്ള അവസരമൊരുക്കുക | .ഭാവാത്മകമായി വായിച്ച് അവതരിപ്പിക്കുന്ന ഭാവാത്മക വായനോത്സവം | ലൈബ്രറി ബുക്ക്സ് | | അധ്യാപകർ | 1000 |